**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 15**

**28.06.2016-ന് മറുപടിക്ക്**

**കസ്തൂരിരംഗൻ - ഗാഡ്ഗിൽ റിപ്പോർട്ട് - പരിഹാരമാർഗ്ഗങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോർജ് എം. തോമസ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ട സംരക്ഷണത്തിനായി സമർപ്പിച്ച ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിൽ ജനവാസ മേഖലകളെ ഒഴിവാക്കുന്നതിനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | (എ) കേരളത്തിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോ മീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമല്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോ മീറ്റർ ആയി പരിസ്ഥിതിലോല പ്രദേശം നിജപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ വിഷയം പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) ജനവാസ കേന്ദ്രങ്ങളെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ടുമുള്ള പ്രവർത്തനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. |
| (സി) പ്രശ്നബാധിത പ്രദേശത്തെ എം.എൽ.എ.മാരുൾപ്പെടെയുള്ള ജനപ്രതിനിധികളെയും, കർഷക സംഘടനകളെയും വിളിച്ച് ചേർത്ത് യോഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) യുക്തമായ സമയത്ത് പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**